1.

WEBSITE : www.keralapsc.gov.in

E-Mail : dotvm.psc@kerala.gov.in
Telephone No. 0471-2546412

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ് : തിരുവനന്തപുരം

**DTH(2)814418/2023(1)** **: 20.11.2023**

**ജില്ലാ ഓഫീസർ**
കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, തിരുവനന്തപുരം

**The Director of Technical Education,**
**Directorate of Technical Education,**
**Thiruvananthapuram-23**

സർ,

വിഷയം : **കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ - ജില്ലാ ഓഫീസ് തിരുവനന്തപുരം - സർവ്വീസ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് വെരിഫിക്കേഷൻ നടത്തുന്നത് സംബന്ധിച്ച്**

സൂചന : 1. താങ്കളുടെ EB3/16470/23/DTE dtd 05-10-2023 നമ്പർ കത്ത്.
2. താങ്കളുടെ ED1/2466/23/DTE dtd 27-09-2023 നമ്പർ കത്ത്.
3. 14.12.2010-ലെ 41/2010/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
4. 08.07.2019- ലെ പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പിന്റെ G.O (Ms) No.133/2019/GAD നമ്പർ ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ **Technical Education** വകുപ്പിൽ **Tradesman (Civil) & LD Clerk** തസ്തികകളിൽ നിയമനശിപാർശ ചെയ്യപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരുടെ നിയമനപരിശോധനയ്ക്കായി സൂചന (1) കത്തിനോടൊപ്പം താങ്കൾ ലഭ്യമാക്കിയ സർവ്വീസ് രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാകത്തിലെ മേൽവിലാസം, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി SSLC (Original) സർട്ടിഫിക്കറ്റ്, കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ രേഖയിൽ ഏതെങ്കിലും ഒന്നും കൂടാതെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. **നിയമനശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും സേവനപുസ്തകത്തിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (ഗസറ്റഡ് ഉദ്യോഗസ്ഥൻ നൽകിയത്) ഹാജരാക്കേണ്ടതാണ്. നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ ഫോറം പൂരിപ്പിക്കേണ്ടതുള്ളതിനാൽ നിയമനശിപാർശാകത്ത്, നിയമനഉത്തരവ് എന്നിവയുടെ**

**നമ്പരും തീയതിയും അവരവരുടെ റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ, രജിസ്റ്റർ നമ്പർ / ഇന്റർവ്യൂ ക്രമ നമ്പർ, നിയമനം ലഭിച്ച ഊഴം, ശമ്പളസ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതി, ഓഫീസിന്റെ പേര്, നിയമനാധികാരിയുടെ പേര് എന്നിവ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. സർവ്വീസ് രേഖകളിൽ കണ്ടെത്തിയ ന്യൂനതകൾ ഉദ്യോഗസ്ഥരുടെ പേരിനൊപ്പം പട്ടികയിൽ ചേർത്തിട്ടുണ്ട്. ആയത് പരിഹരിച്ച ശേഷം നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഫീസ് മുദ്ര പതിപ്പിച്ച് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.**

| ക്രമ നം. | പേര്, ന്യൂനത | പരിശോധനാതീയതി, സമയം |
|---|---|---|
| 1 | ANJALI S | 28.11.2023, 10.00 AM |
| 2 | ASWATHY T RAJ | 28.11.2023, 10.00 AM |

**സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് മുഖാന്തിരം നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് ഫീസിനത്തിൽ ₹ 210/- അതാത് ഉദ്യോഗസ്ഥരുടെ വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ സർവ്വീസ് വെരിഫിക്കേഷൻ ലിങ്ക് സന്ദർശിച്ച ശേഷം e-payment സംവിധാനത്തിലൂടെ മാത്രം ഒടുക്കേണ്ടതാണ്. പ്രസ്തുത ഫീസ് മാനുവൽ ചെലാൻ / e-chalan പ്രകാരം സ്വീകരിക്കുന്നതല്ല.**

വിശ്വസ്തതയോടെ,

**അനന്തകൃഷ്ണൻ പി ജി**
അണ്ടർ സെക്രട്ടറി
ജില്ലാ ഓഫീസർക്കു വേണ്ടി
കെ.പി.എസ്.സി ജില്ലാ ഓഫീസ്
തിരുവനന്തപുരം

NB : **നിയമനപരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമനശിപാർശാ ക്രമത്തിലാകേണ്ടതാണ്. ആകയാൽ ക്രമം തെറ്റിച്ച് നിയമനപരിശോധന നടത്തുന്നതു മൂലം ഉണ്ടാകുന്ന അനന്തരപ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം / കോടതി വ്യവഹാരം മുതലായവ) പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും**